# വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ

## തിരുനാൾ നമസ്ക്കാരം

*Private Circulation only*

Nihil Obstat
Rev. Dr. Joseph P. Neelankavil CMI
Rev. Dr. J.S. Thekkumkal CMI

Imprim. Potest
Rev. Fr. Vijay Anand Nedumpuram CMI
Prior General

Reprint: 2017

**CMI Prior General's House**
Chavara Hills, P.B. No. 3105
Kakkanad, Kochi 682030

# ഉള്ളടക്കം


ആമുഖം ........................................................................ 5
ഫാ. പോൾ ആച്ചാണ്ടി സി.എം.ഐ.
പ്രിയോർ ജനറാൾ (3 ജനുവരി 2017)

ആമുഖം ........................................................................ 7
ഫാ. വിജയാനന്ദ് നെടുമ്പുറം സി.എം.ഐ.
പ്രിയോർ ജനറാൾ (3 ജനുവരി 1987)

സായാഹ്നപ്രാർത്ഥന ........................................................ 9

നിശാപ്രാർത്ഥന ............................................................ 25

പ്രഭാതപ്രാർത്ഥന ........................................................ 41

# ആമുഖം

2014 നവംബർ ഇരുപത്തിമൂന്നിന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ സി.എം.ഐ., സി.എം.സി. സന്യാസസഭാസ്ഥാപകനായ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനെ വിശുദ്ധ പദവിയിലേക്കുയർത്തി. ചാവറ പിതാവിന്റെ മക്കളായ സി.എം.ഐ. സഭാംഗങ്ങൾക്ക് സ്വർഗ്ഗം സമ്മാനിച്ച വലിയ അനുഗ്രഹമാണ് നമ്മുടെ പിതാവിന്റെ വിശുദ്ധ നാമകരണം. പിതാവിന്റെ സ്വർഗ്ഗീയ ജന്മദിനമായ ജനുവരി മൂന്നിനാണല്ലൊ നാം വിശുദ്ധന്റെ തിരുന്നാൾ കൊണ്ടാടുന്നത്.

സഭാസ്ഥാപകന്റെ തിരുന്നാൾ സന്യാസ കൂട്ടായ്മക്ക് വലിയ ആത്മീയാനുഭവം പകരുന്ന ദിനമാക്കുന്നതിനായി ആ ദിനത്തെ യാമപ്രാർത്ഥനകൾ ചാവറ പിതാവിന്റെ ജീവിതവും ആത്മിയ ചിന്തകളും കോർത്തിണക്കി 1986–ൽ നാം തയ്യാറാക്കിയിരുന്നു. ജനറാളായിരുന്ന അഭിവന്ദ്യ വിജയാനന്ദ് നെടുമ്പുറം പിതാവിന്റെ നിർദ്ദേശമനുസരിച്ച് ബഹു. ആബേലച്ചൻ, എമ്മാനുവൽ തെള്ളിയിലച്ചൻ, ചെറിയാൻ കുനിയന്തോടത്തച്ചൻ എന്നിവരാണ് ഈ യാമപ്രാർത്ഥനകൾ തയ്യാറാക്കിയത്. വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഉയർത്തിയതു മുതൽ നാം ഈ യാമപ്രാർത്ഥനകൾ ഭക്തിനിർഭരമായി തിരുന്നാൾ ദിനത്തിൽ ഉപയോഗിക്കുന്നു.

വിശുദ്ധ നാമകരണത്തിനുശേഷം അജപാലന-പ്രേഷിത ജനറൽ കൗൺസിലർ ബഹു. സാജു ചക്കാലക്കലച്ചന്റെ നേതൃത്തത്തിൽ ഈ യാമപ്രാർത്ഥനകൾ ഇപ്പോൾ പുനഃപ്രസിദ്ധീകരിക്കുന്നു.

ഈ യാമകീർത്തനങ്ങളാലപിച്ച് പരമകാരുണികനായ ദൈവത്തെ നമുക്ക് വാഴ്ത്തിപ്പുകഴ്ത്താം; ഈ വിശുദ്ധാത്മാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാം. നമ്മുടെ സന്ന്യാസ സമൂഹങ്ങളിലും ദേവാലയങ്ങളിലും മറ്റും പിതാവിന്റെ തിരുനാൾ അർത്ഥപൂർണ്ണമായി ഘോഷിക്കാം.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് നമ്മെ അനുഗ്രഹിക്കട്ടെ.

ഫാ. പോൾ ആച്ചാണ്ടി സി.എം.ഐ.
3 ജനുവരി 2017
പ്രിയോർ ജനറാൾ

# ആമുഖം

1986 ഫെബ്രുവരി 8-ാം തീയതി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസിനേയും അൽഫോൻസാ യേയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. അന്ന് കോട്ടയത്ത് നടന്ന ദിവ്യകർമ്മങ്ങൾക്കിടക്ക് മാർപാപ്പ ഇങ്ങനെ പ്രഖ്യാപിച്ചു: "...ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസിനേയും മുട്ടത്തുപാടത്ത് സിസ്റ്റർ അൽഫോൻസായേയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കാമെന്നും അവരുടെ തിരുനാളുകൾ അവരുടെ സ്വർഗ്ഗീയജന്മനാളുകളിൽ, ചാവറ കര്യാക്കോസ് ഏലിയാസിന്റേത് ജനുവരി മൂന്നാം തീയതിയും സിസ്റ്റർ അൽഫോൻസായുടേത് ജൂലൈ ഇരുപത്തിയെട്ടാം തീയതിയും പ്രതിവർഷം നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും ആഘോഷിക്കാമെന്നും നാം നമ്മുടെ അപ്പസ്തോ ലിക അധികാരം ഉപയോഗിച്ച് പ്രഖ്യാപിക്കുന്നു."

ജനുവരി 3 നമ്മുടെ പിതാവിന്റെ തിരുനാളാ ണ്. തിരുനാളിന്റെ യഥാർത്ഥ ചൈതന്യം പകരാൻ പോരുംവിധമാണ് ഈ യാമപ്രാർത്ഥനകൾ രൂപ കൽപ്പന ചെയ്തിരിക്കുന്നത്. ബഹു. ആബേലച്ചൻ, എമ്മാനുവൽ തെള്ളിയിലച്ചൻ, ചെറിയാൻ കുനിയ ന്തോടത്തച്ചൻ എന്നിവരുടെ രചനകളെ ശ്രദ്ധാ പൂർവ്വം സംയോജിപ്പിച്ച് സമാഹരിച്ചാണ് ഈ പ്രാർ

ന്ഥനകൾക്ക് അന്ത്യരൂപം നൽകിയത്. അവർക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ യാമകീർത്തനങ്ങളാലപിച്ച് പരമകാരുണികനായ ദൈവത്തെ നമുക്ക് വാഴ്ത്തിപ്പുകഴ്ത്താം; ഈ വിശുദ്ധാത്മാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാം. നമ്മുടെ സന്ന്യാസ സമൂഹങ്ങളിലും ദേവാലയങ്ങളിലുംമറ്റും പിതാവിന്റെ തിരുനാൾ അർത്ഥപൂർണ്ണമായി ഘോഷിക്കാം.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് നമ്മെ അനുഗ്രഹിക്കട്ടെ.

ഫാ. വിജയാനന്ദ് നെടുമ്പുറം, സി.എം.ഐ.
3 ജനുവരി 1987
പ്രിയോർ ജനറാൾ

# സായാഹ്നപ്രാർത്ഥന

**കാർമ്മികൻ:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവുംകൂടി)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു, ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

**കാർമ്മി:** കാലഘട്ടങ്ങളുടെ ആവശ്യമനുസരിച്ച് വിശുദ്ധരെ നൽകി തിരുസ്സഭയെ സമ്പന്നമാക്കുന്ന

കാരുണ്യവാനായ ദൈവമെ, വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ അനുസ്മരിച്ച് ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന സ്വീകരിക്കണമെ. ഈ പിതാവിന്റെ സജീവമായ വിശ്വാസവും ദൃഢമായ പ്രത്യാശയും പരിപൂർണ്ണമായ സ്നേഹവും അനുകരിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെ. ഈ ധന്യാത്മാവിന്റെ മാദ്ധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ ഞങ്ങൾക്കു നൽകണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം 71

ശുശ്രൂഷി സങ്കീർത്തനത്തിന്റെ ആദ്യത്തെ വരി ചൊല്ലുന്നു. ഒന്നാം ഗണം ശുശ്രൂഷിയോടു ചേർന്ന് ആ പാദം പൂർത്തിയാക്കുന്നു. തുടർന്ന് സമൂഹം രണ്ട് ഗണമായി മാറിമാറി ചൊല്ലി ത്രിത്വസ്തുതിയോടുകൂടി അവസാനിപ്പിക്കുന്നു.

കർത്താവേ, ഞാൻ അങ്ങയിൽ അഭയം തേടി;
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

അങ്ങേ നീതിയാൽ എന്നെ സ്വതന്ത്രനാക്കണമേ;
എന്റെ പ്രാർത്ഥനകേട്ട് എന്നെ രക്ഷിക്കണമേ;
അങ്ങുന്ന് എന്റെ ആശ്രയവും സങ്കേതവുമാണല്ലോ.

ദുഷ്ടരുടെയും മർദ്ദകരുടെയും പിടിയിൽ നിന്നു
അങ്ങുന്ന് എന്നെ രക്ഷിക്കണമെ;
എന്തെന്നാൽ അങ്ങുന്ന് എന്റെ ശരണമാകുന്നു.

ബാല്യം മുതൽ അങ്ങുന്ന് എന്റെ അഭയവും
ജനനം മുതൽ എന്റെ ഓഹരിയും
പ്രശംസയുടെ വിഷയവുമായിരുന്നു.

അങ്ങുന്ന് എന്റെ ശക്തനായ രക്ഷകനാകയാൽ
പലർക്കും ഞാൻ അത്ഭുതവിഷയമായി.

അങ്ങേ സ്തുതിയും കീർത്തനവും കൊണ്ട്
എന്റെ അധരങ്ങൾ നിറഞ്ഞിരിക്കുന്നു.

വാർദ്ധക്യദശയിൽ എന്നെ തള്ളിക്കളയരുതേ;
ഞാൻ ബലഹീനനാകുമ്പോൾ
അങ്ങുന്ന് എന്നെ പരിത്യജിക്കരുതേ.

ആഴങ്ങളിൽ നിന്നുദ്ധരിക്കുകയും
ബഹുമാനം നൽകിയാശ്വസിപ്പിക്കുകയും ചെയ്തു.

കിന്നരം കൊണ്ടു ഞാൻ അങ്ങയെ സ്തുതിക്കയും
അങ്ങേ നീതിയെ പ്രകീർത്തിക്കുകയും ചെയ്യും.

ഇസ്രയേലിന്റെ പരിശുദ്ധനായ ദൈവമേ,
കിന്നരം കൊണ്ടു ഞാൻ അങ്ങയെ സ്തുതിക്കും.

അങ്ങേ കീർത്തനം പാടുമ്പോൾ
എന്റെ അധരങ്ങൾ ആനന്ദിക്കും.

അങ്ങു വീണ്ടെടുത്ത എന്റെ ആത്മാവ്
സന്തോഷത്തിൽ മുഴുകുകയും ചെയ്യും.

അങ്ങേ നീതിയുക്തമായ പ്രവൃത്തികളെല്ലാം
ഞാൻ വിളംബരം ചെയ്യും.

എനിക്ക് അനർത്ഥമുണ്ടാകാനാഗ്രഹിക്കുന്നവർ അവമാനിതരും ലജ്ജിതരുമാകട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**കാർമ്മി:** ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാരാകുന്നു എന്ന് അരുളിച്ചെയ്ത കർത്താവെ, പരിശുദ്ധമായ ജീവിതത്താൽ നിരന്തരം അങ്ങയെ പ്രീതിപ്പെടുത്തുകയും എതദ്ദേശിയ സന്ന്യാസ സമൂഹങ്ങൾക്ക് ആരംഭമിടുകയും ചെയ്ത ഈ പുണ്യാത്മാവിന്റെ തിരുന്നാളിൽ അങ്ങയെയും അങ്ങയുടെ വത്സല മാതാവിനേയും ഞങ്ങൾ പ്രകീർത്തിക്കുന്നു. സകലത്തിന്റെയും നാഥനും വിധികർത്താവുമായ സർവ്വശ്വരാ.

**സമൂ:** ആമ്മേൻ.

## ധൂപാർപ്പണ ഗാനം

*(സന്തതമുയരുന്നെൻ...)*

അങ്ങയുടെ കൂടാരം എത്ര മനോഹരമാകുന്നു.

മിശിഹാ കർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ
കൈക്കൊണ്ടരുളേണം.

**കാർമ്മി:** സ്വന്തം ഛായയിൽ മനുഷ്യനെ സൃഷ്ടിക്കുകയും, അങ്ങയുടെ പുത്രനെ അയച്ചു അവനെ രക്ഷിക്കുകയും ചെയ്ത ദൈവമേ, ഞങ്ങൾ അങ്ങയെ

ആരാധിക്കയും സ്തുതിക്കയും വിനയപൂർവ്വം അങ്ങയോടു നന്ദിപറയുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥനും പിതാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സകലത്തിന്റെയും നാഥാ, *(സമൂഹവും കൂടി)* ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈശോ മിശിഹായേ, ഞങ്ങൾ അങ്ങയെ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ സൃഷ്ടാവും പരിപാലകനുമായ ദൈവമേ, മിശിഹായുടെ മൗതീക ശരീരത്തിലെ അംഗങ്ങളായ ഞങ്ങൾ ഒന്നുചേർന്ന് അങ്ങയെ ആരാധിക്കുന്നു. വിനീതനായ ചുങ്കക്കാരനെപ്പോലെ പാപങ്ങളോർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## ആദിഗീതം

*(സന്തതമുയരുന്നെൻ...)*

ദൈവമായ കർത്താവിനെ സ്തുതിക്കുവിൻ.

കൈനകരിക്കെന്നും പൂവിടുമഭിമാനം
വിണ്ണിൻ വാടികയിൽ നിർമ്മലമൊരു സൂനം
ദൈവജനത്തിനു നൂതനമാ മവികല ജയഗാനം.

ദൈവമേ, അങ്ങു ഞങ്ങളെ പരിപാലിക്കണമേ.

നവ്യവെളിച്ചത്തിൻ കതിരു പരത്തുകയായ്
ദൈവിക സ്നേഹത്തിൻ കൈത്തിരികാട്ടുകയായ്
കേരള കർമ്മല വാടികയിൽ പൂവൊളിനീട്ടുകയായ്

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ജീവിത സാഫല്യം നേടി വിളങ്ങിടുവാൻ
ഭൂവിലെ സൗഭാഗ്യം പൂർണ്ണ സമർപ്പണമായ്
സന്ന്യാസത്തിൻവേദികയിൽസേവന ദർപ്പണമായ്.

**കാർമ്മി:** സകലത്തിന്റെയും നാഥനായ ദൈവമേ, അങ്ങയുടെ പ്രമാണങ്ങളും മിശിഹായുടെ പ്രബോധനങ്ങളും തിരുസ്സഭയുടെ നിയമങ്ങളുമനുസരിച്ചു വിശ്വസ്തരായി ജീവിക്കുവാനും പരിപൂർണ്ണതയുടെ മാർഗ്ഗത്തിൽക്കൂടി സഞ്ചരിച്ചു നിത്യാനന്ദത്തിന് അർഹരാകുവാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സായാഹ്ന സങ്കീർത്തനങ്ങൾ

*(സങ്കീ 140:1, 141:1, 118:14, 116)*

കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു;
കാരുണ്യപൂർവ്വം എനിക്കുത്തരമരുളണമേ.

ദൈവമേ, എന്റെ പ്രാർത്ഥന സ്വീകരിക്കണമേ;
പരിമളധൂപംപോലെ അത് അങ്ങേ പക്കലേയ്ക്കുയരട്ടെ.

കർത്താവേ, ഞാൻ അർപ്പിക്കുന്ന ഈ പ്രാർത്ഥന
എന്റെ സായാഹ്നബലിയായി സ്വീകരിക്കണമേ.

എന്റെ കണ്ണുകൾ അങ്ങയുടെ പക്കലേയ്ക്കുയർത്തുന്നു;
അങ്ങയിൽ അഭയം തേടുന്നവനെ കൈവെടിയരുതേ.

ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിക്കുന്നു;
ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു.

എന്റെ ഹൃദയവേദന ഞാൻ അങ്ങയെ അറിയിക്കുന്നു;
സങ്കടങ്ങളെല്ലാം തിരുമുമ്പിൽ കാഴ്ചവയ്ക്കുന്നു.

അങ്ങയുടെ പ്രമാണം എന്റെ പാദങ്ങൾക്കു വിളക്കും
എന്റെ വഴികളിൽ പ്രകാശവുമാകുന്നു.

നീതിയുടെ നിയമങ്ങളനുസരിക്കുവാൻ
ശപഥം ചെയ്ത് ഞാൻ നിശ്ചയിച്ചു.

കർത്താവേ, ഞാൻ ഏറെ കഷ്ടപ്പെട്ടു;
അങ്ങയുടെ വാക്കനുസരിച്ച് എന്നെ രക്ഷിക്കണമേ.

എന്റെ അധരങ്ങളുടെ കാണിക്ക സ്വീകരിക്കണമേ;
നിയമങ്ങൾ എന്നെ പഠിപ്പിക്കണമേ.

ജനപദങ്ങളേ കർത്താവിനെ സ്തുതിക്കുവിൻ;
ഭൂവാസികളേ കർത്താവിനെ പുകഴ്ത്തുവിൻ.

അവിടുത്തെ സ്നേഹം അനന്തമാകുന്നു;
തന്റെ വാഗ്ദാനം അവിടുന്ന് പാലിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**കാർമ്മി:** കാരുണ്യവാനും ജീവദായകനുമായ ദൈവമേ, ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും പവിത്രീകരിക്കണമേ. അങ്ങയിൽ വിശ്വാസമില്ലാതെ അലഞ്ഞു തിരിയുന്നവരെ സത്യത്തിന്റെ പ്രകാശത്തിലേയ്ക്കു നയിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## അനുഗീതം

*(ലെയ്ക്കാ ഏസൽ...)*

എന്റെ ഹൃദയം ഭയപ്പെടുകയില്ല (സങ്കീ 27:3)

സഭയിൽ ഭിന്നത പെരുകിയ നാളിൽ
വേദനയാൽ മനമുരുകിയ താതാ,
നാഥനുവേണ്ടി പീഡകളേതും
നേരിടുവാൻ മനസ്സായ പിതാവേ,
ഞങ്ങൾക്കായ് നീ പ്രാർത്ഥിക്കണമേ
ധീരതയാർന്നടരാടിടുവാനായ്.

നന്മകളുടെ പിന്നാലേ ഓടുവിൻ (1 തെസ 5:15)

റൂഹാ നൽകിയ ദാനവരത്താൽ
നാടിനു നന്മ വരുത്തിടുവാനായ്,
നാഥൻ നന്മ വിതച്ചതുപോലെ
നന്മയൊരുക്കി വിതച്ച പിതാവേ,
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ് നീ
നന്മയിലെന്നും മുന്നേറീടാൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

കന്യാനാഥേ, വത്സലനാം നിൻ
കുര്യാക്കോസിനു തുല്ല്യം ഞങ്ങൾ
നിൻ സ്നേഹത്തിൻ പാതയിലൂടെ
മുന്നേറുന്നതിനെന്നും മോദാൽ
പ്രാർത്ഥിക്കണമേ, മിശിഹായൊടു നീ
ഞങ്ങളിലങ്ങേ കൃപ ചൊരിയാനായ്.

## ദൈവവചനം

(വിജ്ഞാ 7:27)

വിജ്ഞാനം വിശുദ്ധാത്മാക്കളിൽ പ്രവേശിച്ച് അവരെ ദൈവത്തിന്റെ സ്നേഹിതരും പ്രവാചകരുമാക്കുന്നു. വിജ്ഞാനത്തോടുകൂടെ ജീവിക്കുന്നവരെയാണു ദൈവം ഏറ്റവുമധികം സ്നേഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ വിജ്ഞാനം സൂര്യനേക്കാൾ അഴകുള്ളതാകുന്നു. പ്രകാശത്തോടു തട്ടിച്ചുനോക്കിയാൽ അത് വളരെ ശ്രേഷ്ഠവുമാണ്. കാരണം പ്രകാശം കഴിഞ്ഞ് ഇരുട്ടുണ്ടാകും; എന്നാൽ വിജ്ഞാനമുള്ളിടത്ത് തിന്മയുണ്ടാവുകയില്ല.

### മൗനപ്രാർത്ഥന

ഇതര വായനകൾ:

എഫേ 5:25-31, റോമ 13:1-5, 2 കൊറി 2:5-11

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ, കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** കാരുണ്യവാനായ ദൈവമേ, ചാവറ കുര്യാക്കോസ് ഏലിയാസിനെ അങ്ങ് വിശുദ്ധരുടെ ഗണത്തിലേയ്ക്കുയർത്തിയല്ലോ. ആ വന്ദ്യപിതാവിന്റെ മാതൃക പിഞ്ചെന്ന് ദൈവമനുഷ്യരായി ജീവിക്കുവാനും പ്രസാദവരത്തിൽ അന്ത്യം വരെ നിലനിൽക്കുവാനും ഞങ്ങൾക്കിടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** കേരളസഭയുടെ വിപത്ഘട്ടങ്ങളിൽ നേതൃത്വം നൽകി സഭയെ നയിക്കുവാൻ അവിടുന്ന് വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ഉപകരണമാക്കി. സമൃദ്ധമായ വിശ്വാസവും ആഴമായ സഭാസ്നേഹവും നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** സ്വയം മറന്ന് മറ്റുള്ളവരെ സ്നേഹിക്കണമെന്നും, അവർക്ക് സേവനം ചെയ്യുവാനുള്ള അവസരങ്ങളൊന്നും പാഴാക്കിക്കളയരുതെന്നും ഈ പിതാവു ഞങ്ങളെ ഉപദേശിച്ചുവല്ലൊ. ഞങ്ങളുടെ സമൂഹങ്ങളിൽ സ്നേഹചൈതന്യം വളർന്നുവ

രുവാൻ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** അധികാരികളുടെ ആജ്ഞകളിൽ അദൃശ്യനായ ദൈവത്തെ കാണുവാൻ സ്വന്തം മാതൃകവഴി വിശുദ്ധ പിതാവ് ഞങ്ങളെ പഠിപ്പിച്ചു. ഈ വിശുദ്ധാത്മാവിനെ അനുകരിച്ച് എല്ലാ സാഹചര്യങ്ങളിലും ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങുവാൻ ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** തിരുസഭയുടെ അധിപനായ മാർ............ പാപ്പായ്ക്കുവേണ്ടിയും ഞങ്ങളുടെ മേലദ്ധ്യക്ഷനായ ............ മെത്രാപ്പോലീത്തയ്ക്കു/മെത്രാനുവേണ്ടിയും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, ഞങ്ങളുടെ ആത്മാവിനെയും ശരീരത്തെയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. തിരുസഭയുടെയും മനുഷ്യവർഗ്ഗം മുഴുവന്റെയും ആത്മീകവും ഭൗതികവുമായ എല്ലാ ആവശ്യങ്ങളും ഞങ്ങൾ

അങ്ങയെ ഭരമേൽപ്പിക്കുന്നു. അങ്ങയുടെ അനന്ത കാരുണ്യത്താൽ ഞങ്ങളെ പരിപാലിക്കുകയും മിശിഹായുടെ നാമത്തിൽ അർപ്പിക്കുന്ന ഈ പ്രാർത്ഥന സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

**സമൂ:** സർവ്വേശാ, നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി:** വിശുദ്ധിയുടെ ഉറവിടമായ ദൈവമേ, പരിപൂർണ്ണതയിലേയ്ക്കു പ്രയാണം ചെയ്യുന്ന പുതിയ മനുഷ്യരായി ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. അങ്ങു നീതിമാന്മാരിൽ വസിച്ചതുപോലെ ഞങ്ങളുടെ ഹൃദയത്തിലും വസിക്കുമാറാകണമേ. അങ്ങയുടെ പരിശുദ്ധാത്മാവു ഞങ്ങളുടെ ബുദ്ധിക്കു പ്രകാശവും മനസ്സിന് ശക്തിയും പ്രധാനം ചെയ്യട്ടെ. സകലത്തിന്റെയും നാഥനായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സായാഹ്ന ഗീതം

*(ക്ലാവ റമ്പാ...)*

ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു. (യോഹ 15:1)

നാഥാ, മുന്തിരിവയലിൽ നിൻ
സേവനമനിശം ചെയ്തിടുവാൻ
വേലക്കാരെയൊരുക്കിടുവാൻ
കുര്യാക്കോസിൻ യത്നങ്ങൾ
നീ വിജയിപ്പിച്ചതുപോലെ
ഇന്നീ സഭവഴി ചെയ്തീടും
യജ്ഞം വിജയിപ്പിക്കണമേ.
സാക്ഷരരായ് ജനമഖിലം നി-
ന്നാരാധനയിൽ സാമോദം
പങ്കാളികളായ് തീർന്നിടുവാൻ
നാഥാ, നിൻ വരമേകണമേ.

നിന്നിലുള്ള ദൈവദാനത്തെ നീ ഉണർത്തുക (2 തിമോ 1:6)

ജ്ഞാനസ്നാനം മുതലെന്നും
കുര്യാക്കോസ് താൻ നൈർമ്മല്യം
കാത്തുവസിച്ചതുപോലടിയർ
നിർമ്മലരായി നിലനിന്നിടുവാൻ
നന്മ നരർക്കു പകർന്നിടുവാൻ
ഞങ്ങൾക്കും നീയലിവോടെ
നാഥാ, തൃക്കരമേകണമേ.
വീരോചിതമാം സുകൃതങ്ങൾ
മന്നിൽ ഞങ്ങൾ വിളയിക്കാൻ
നിന്നോടൊന്നായി തീർന്നീടുവാൻ
വരനിര സതതം ചൊരിയണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

തപസ്സും പ്രാർത്ഥനയും വഴിയായ്
ദൈവൈക്യത്തിൽ പാർത്തവനും,
കേരള സഭയെ നയിച്ചവനും,
സേവനമതുലം ചെയ്തവനും,
ആരാധനയിൽ തൽപരനും,
സോദരരിൽ കനിവുറ്റവനും,
ഐക്യം സതതം കാത്തവനും
ഞങ്ങൾക്കെല്ലാം താതനുമാം
വിശുദ്ധനാക്കപ്പെട്ടവനെ പോലെ
ഞങ്ങളുമങ്ങയെ സേവിപ്പാൻ
കർത്താവേ, ഇട നൽകണമേ.

**കാർമ്മി:** ആദ്ധ്യാത്മികമായ അപകടങ്ങളിൽ നിന്നു കേരളസഭയെ സംരക്ഷിക്കുവാൻ ഞങ്ങളുടെ പിതാവായ വിശുദ്ധ കുര്യാക്കോസ് ഏലിയായെ തിരഞ്ഞെടുത്ത കർത്താവേ, പ്രതിസന്ധികളിൽ തിരുസഭയുടെ മഹത്വത്തിനുവേണ്ടി ധൈര്യപൂർവ്വം നിലകൊള്ളുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥനും വിധികർത്താവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## അനുകീർത്തനം

*(നല്ലയപ്പന്റെ ചാവരുളിൽ നിന്ന്)*

നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ;
മറ്റുള്ളവരുടെ തെറ്റുകൾ സന്തോഷത്തോടെ ക്ഷമിക്കുവിൻ.

മറ്റുള്ളവർക്ക് സഹായം ചെയ്യണമെന്ന്
ദൈവം തന്നെ നമ്മോടു കല്പിച്ചിരിക്കുന്നു.

അയൽക്കാർക്ക് ഉപകാരം ചെയ്യാത്ത ദിവസങ്ങൾ
ആയുസ്സിന്റെ പുസ്തകത്തിൽ എണ്ണപ്പെടുകയില്ല.

പാവപ്പെട്ടവരെ നിന്ദിക്കരുത്;
അവരെ കഷ്ടപ്പെടുത്തുന്നത് പാപമാകുന്നു.

അവരുടെ കണ്ണുനീർ ദൈവത്തിന്റെ പക്കലെത്തും;
അവിടുന്ന് അതിനു പകരം ചോദിക്കയും ചെയ്യും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## സമാപന പ്രാർത്ഥനകൾ

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, പ്രശാന്തമായ സായംകാലവും, ആശ്വാസപ്രദമായ രാത്രിയും, പ്രതീക്ഷാനിർഭരമായ പ്രഭാതവും, സൽപ്രവൃത്തികൾ നിറഞ്ഞ ദിവസവും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിത കാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, അങ്ങയുടെ ത്രീത്വത്തിന്റെ നിഗൂഢമായ ശക്തിയും, അനന്തമായ അനുഗ്രഹവും,

നിരന്തരമായ സഹായവും, ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ദുഷ്ടസൈന്യങ്ങളിൽ നിന്നു ഞങ്ങളെ കാത്തുകൊള്ളണമേ. നിത്യരാജ്യത്തിലേയ്ക്കുള്ള യാത്രയിൽ തുണയും സങ്കേതവും നൽകി സ്നേഹപൂർവ്വം ഞങ്ങളെ നയിക്കുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ

**ശുശ്രൂ:** കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** നിത്യപിതാവിന്റെ പ്രകാശമായ മിശിഹായേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ ഞങ്ങൾ അർപ്പിച്ച ഈ പ്രാർത്ഥനയിൽ പ്രസാദിച്ച് ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ദുഃഖങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിലും നിന്ന് അങ്ങയുടെ വിശുദ്ധ കുരിശിന്റെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും, മനോജ്ഞമായ അങ്ങയുടെ പ്രകാശത്തിലേയ്ക്കു ഞങ്ങളെ ആനയിക്കുകയും ചെയ്യണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

# നിശാപ്രാർത്ഥന

**കാർമ്മി:** പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവുംകൂടി)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെറ്റ് ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ.

എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു, ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

**കാർമ്മി:** നെറ്റിയിലെ വിയർപ്പുകൊണ്ടു ഉപജീവനം നേടണമെന്ന് ആദിപിതാവായ ആദത്തോട് അരുളിച്ചെയ്ത കർത്താവേ, അദ്ധ്വാനം നിറഞ്ഞ ഈ ദിവസത്തിന്റെ അവസാനത്തിൽ അങ്ങയോടു നന്ദി പറയുവാനായി ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ നിൽക്കുന്നു. ഇന്നു ഞങ്ങൾ ചെയ്തുപോയ പാപങ്ങളെല്ലാം ഞങ്ങളോടു പൊറുക്കണമേ. വിശ്രമത്തിന് ഒരുക്കമായി ഞങ്ങൾ ചെയ്യുന്ന പ്രാർത്ഥന ദയാപൂർവ്വം സ്വീകരിക്കുകയും, ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനമാല

### (സങ്കീർത്തനം 47)

ജനങ്ങളേ, കരഘോഷം മുഴക്കുവിൻ;
കീർത്തനം പാടി ദൈവത്തെ സ്തുതിക്കുവിൻ.

കർത്താവ് അത്യുന്നതനും ആരാധ്യനുമാകുന്നു;
അവിടുന്ന് പ്രപഞ്ചത്തിന്റെ രാജാവാകുന്നു.

വിജാതീയരെയും ജനതകളെയും
അവിടുന്ന് നമ്മുടെ കീഴിലാക്കി.

യാക്കോബിന്റെ അവകാശവും അഭിമാനവുമായി
സ്നേഹപൂർവ്വം നമ്മെ തിരഞ്ഞെടുത്തു.

വിജയാരവത്തോടും കാഹളശബ്ദത്തോടും കൂടെ
ദൈവമായ കർത്താവ് ആരോഹണം ചെയ്യുന്നു.

ദൈവത്തെ പാടി പുകഴ്ത്തുവിൻ;
രാജാവിനു ജയ്‌വിളികൾ മുഴക്കുവിൻ.

അവിടുന്നു പ്രപഞ്ചത്തിന്റെ രാജാവാകുന്നു;
നിങ്ങൾ അവിടുത്തെ സ്തുതിക്കുവിൻ.

അവിടുന്ന് വിജാതിയരുടെയും രാജാവാകുന്നു;
തന്റെ സിംഹാസനത്തിലിരുന്നുകൊണ്ട്
അവിടുന്ന് ഭരണം നടത്തുന്നു.

വിജാതീയരുടെ ഭരണകർത്താക്കൾ
അബ്രാഹത്തിന്റെ ദൈവത്തെ അംഗീകരിച്ചു.

എന്തെന്നാൽ രാജ്യമെല്ലാം ദൈവത്തിന്റേതാകുന്നു;
അവിടുന്ന് അത്യുന്നതനാകുന്നു.

**(സങ്കീർത്തനം 48)**

കർത്താവു വലിയവനാകുന്നു;
ദൈവത്തിന്റെ പട്ടണത്തിൽ
അവിടുന്ന് സ്തുത്യർഹനാകുന്നു.

ലോകത്തിനു സന്തോഷം നല്കുന്ന
പരിശുദ്ധമായ പർവ്വതത്തിൽ
അവിടുന്ന് ആരാധ്യനാകുന്നു.

വടക്കുള്ള സെഹിയോൻ മല
വലിയ രാജാവിന്റെ നഗരമാകുന്നു.

അതിന്റെ ബലമുള്ള കോട്ടകൾ
ദൈവശക്തിയെ വെളിപ്പെടുത്തി.

രാജാക്കന്മാരുടെ ഒരു സമൂഹം
അണിഞ്ഞൊരുങ്ങി വന്നു.

പട്ടണം കണ്ട മാത്രയിൽ
അവർ സ്തംഭിച്ചുപോയി;
അവർ ഭയന്നോടുകയും ചെയ്തു.

താർശിലെ കപ്പലുകൾ
കൊടുങ്കാറ്റിൽ തകരും പോലെ
അവരെല്ലാം നശിച്ചു പോയി.

ഞങ്ങൾ കേട്ടവയെല്ലാം
ദൈവത്തിന്റെ നഗരത്തിൽ കണ്ടു;
പ്രഗത്ഭനായ കർത്താവിന്റെ നഗരത്തിൽ.

ദൈവം അത് നിത്യമായി ഉറപ്പിച്ചിരിക്കുന്നു;
അങ്ങേ ആലയത്തിൽ വച്ച്
അങ്ങേ കാരുണ്യം ഞങ്ങൾ പ്രസംഗിച്ചു.

അങ്ങേ നാമം പോലെതന്നെ സ്തുതിയും
ചക്രവാളംവരെ എത്തുന്നു.

അങ്ങേ വലംകൈ നിറയെ നീതിയാകുന്നു;
സെഹിയോൻ മലയും യൂദായുടെ പുത്രിമാരും
അങ്ങേ വാഴ്ചയിൽ സന്തോഷിക്കും.

നിങ്ങൾ സെഹിയോനു ചുറ്റും നടന്ന്
അതിന്റെ ഗോപുരങ്ങൾ എണ്ണുവിൻ.

ഭാവി തലമുറയെ അറിയിക്കുവാൻ
അതിലെ കൊത്തളങ്ങൾ നിരീക്ഷിക്കുവിൻ;
അതിലെ കോട്ടകൾ പരിശോധിക്കുവിൻ.

ഈ ദൈവം എന്നും നമ്മുടെ ദൈവമാകുന്നു;
അവിടുന്ന് എപ്പോഴും നമ്മെ നയിച്ചുകൊണ്ടിരിക്കും.

**(സങ്കീർത്തനം 49)**

ജനതകളേ, ഭൂവാസികളേ, ശ്രദ്ധിക്കുവിൻ;
ധനികരേ, ദരിദ്രരേ, ചെവിക്കൊള്ളുവിൻ.

എന്റെ അധരം വിജ്ഞാനമാണു പ്രസംഗിക്കുന്നത്;
എന്റെ ഹൃദയത്തിലെ ചിന്ത വിവേകമായിരിക്കും.

അന്യാപദേശങ്ങൾക്കു ഞാൻ ചെവികൊടുക്കട്ടെ;
വീണയിൽ എന്റെ കടംകഥകൾ വായിക്കട്ടെ.

ശത്രുക്കൾ എന്നെ വളഞ്ഞിരിക്കുന്നു;
എങ്കിലും ഞാൻ ഭയപ്പെടുകയില്ല.

ശക്തിയിൽ വിശ്വസിക്കുന്നവരേ,
സമ്പത്തിൽ പ്രശംസിക്കുന്നവരേ,
സഹോദരൻ നിങ്ങളെ രക്ഷിക്കയില്ല.

വീണ്ടെടുപ്പിനു വില കൊടുക്കുവാൻ
മനുഷ്യന് ഒരിക്കലും സാധ്യമല്ല;
ആത്മാവിന്റെ രക്ഷ വിലയേറിയതാണല്ലോ.

എപ്പോഴും അദ്ധ്വാനിച്ചു കൊണ്ടിരുന്നാൽ
നാശം കാണാതെ എന്നും ജീവിക്കാം.
വിജ്ഞന്മാരുടെ മരണവും

ഭോഷന്മാരുടെ നാശവും
നിന്റെ ദൃഷ്ടിയിൽപ്പെടും.

അവർ തങ്ങളുടെ സമ്പത്തെല്ലാം
മറ്റുള്ളവർക്കായി കൈവിടുന്നു.

അവരുടെ ശവകുടീരങ്ങൾ
അവരുടെ നിത്യ വസതിയായിരിക്കും.

ഒരുവൻ ധനികനാവുകയും ഭവനത്തിനു
സമൃദ്ധിയുണ്ടാവുകയും ചെയ്യുമ്പോൾ
നീ ഒട്ടും അസ്വസ്ഥനാകരുത്.

മരിക്കുമ്പോൾ അവൻ ഒന്നും കൊണ്ടുപോകുന്നില്ല;
അവന്റെ കീർത്തി കൂടെച്ചെല്ലുകയുമില്ല.

എന്തെന്നാൽ അവൻ ജീവിതകാലത്ത്
തന്നെതന്നെയാണ് പുകഴ്ത്തിയത്.

അവനു നന്മ ചെയ്തപ്പോൾ
അവൻ നിന്നെ സ്തുതിച്ചിട്ടുണ്ടാകും.

പിതാക്കന്മാരുടെ സമൂഹത്തിൽ
അവനും ചെന്നു ചേരും.

അവിടെ ഒരിക്കലും
അവർ പ്രകാശം കാണുകയില്ല.

മനുഷ്യൻ തന്റെ മഹത്വം ഗ്രഹിക്കുന്നില്ല:
അവൻ മൃഗങ്ങൾക്ക് സ്വയം സമർപ്പിക്കുകയും
അവയ്ക്കു സമനായിത്തീരുകയും ചെയ്യുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**കാർമ്മി:** എല്ലാം കണ്ടുകൊണ്ടിരിക്കുന്നവനും നീതിമാനുമായ ദൈവമേ, ഇന്നു ഞങ്ങൾക്കുണ്ടായ ദുഃഖങ്ങളും സന്തോഷങ്ങളും, വിജയങ്ങളും പരാജയങ്ങളും ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച്ചവയ്ക്കുന്നു. അവയെല്ലാം ഞങ്ങളുടെ ആത്മീയമായ അഭിവൃദ്ധിയെ സഹായിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## കാൽത്താ

**കാർമ്മി:** ക്രൂശിതരൂപം വന്ദ്യനു കരളിൽ
താപമുണർത്തീ ശാന്തി പരത്തീ.

**സമൂ:** സായൂജ്യത്തിൻ പൊന്മുടിയേറാൻ
മർത്യനു നിരതം സേവനമരുളി.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ഈശോയെ, നീ സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്നതും, മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ കൊളുത്തിയതുമായ വിശ്വാസ ദീപം കൊടുങ്കാറ്റിൽ കെടാതെ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് സംരക്ഷിച്ചല്ലോ. ഞങ്ങളും അദ്ദേഹത്തെപ്പോലെ, വിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നതിനും, സഭയോടൊത്തു ചിന്തിക്കുന്നതിനും, ആ ദിവ്യാഗ്നി ലോകത്തെമ്പാടും പ്രോജ്ജ്വലമാക്കു

ന്നതിനും ഇടയാക്കണമേ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

## നിശാഗീതം

*(സായം കാലമടുക്കുന്നു...)*

ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

കാലം കാട്ടിയ താരം പോൽ
കേരളസഭയിൽ തിരിനീട്ടി
കൂരിരുളെല്ലാം നീക്കുകയായ്
ഭാരതമണ്ണിൽ പൂത്തുലയും
കർമ്മലസഭയുടെ സ്ഥാപകനായ്
കന്യാമഠവും സ്ഥാപിച്ചു.
ദൈവം പാലനമേകുകയാൽ
ജീവിതകാലം ലോകത്തിൽ
നന്മയ്ക്കായ് സ്വയമർപ്പിച്ചു,
സ്നേഹമിയെന്നൊരു ഹൃദയവുമായ്
സ്വർഗ്ഗം നേടി വിരാജിപ്പൂ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഉള്ളിൽ ചൂഴ്ന്നവനാഴ്ന്നതിനാൽ
ഉള്ളിന്നുള്ളിൽ ദർശിച്ചാൽ
സൃഷ്ടികളഖിലം ശൂന്യതയായ്
പാപം ചെയ്തില്ലെന്നാലും
അനുതാപത്തിൻ വേരുകളാ-
ഹൃദയത്തിലുറച്ചതിനാൽ

വിനയം ശരണാങ്കിതമായി
ദൈവപിതാവിൻ സവിധത്തിൽ
ധൂർത്തനു തുല്യമണഞ്ഞവനെ
താതൻ സദയം കൈക്കൊണ്ടു
ആശിസ്സനിതരമവനരുളി.

**(അല്ലെങ്കിൽ)**

*(വിടരും പുലരികളൊന്നൊന്നായ്...)*

ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവന്റെ അപ്പമാകുന്നു.

സക്രാരിയിലെ സാന്നിധ്യം
ദൈവാത്മജനുടെ സാമീപ്യം
വന്ദ്യനു ജീവിത വീഥികളിൽ
മംഗളശാന്തി പകർന്നരുളി.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആനന്ദത്തിൻ നിമിഷങ്ങൾ
പ്രാർത്ഥന പാകിയ നിമിഷങ്ങൾ
കർമ്മതലങ്ങളിലത്ഭുതമാം
ധർമ്മസുമങ്ങൾ വിരിച്ചരുളി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

വിശ്വാസത്തിൻ ദൃഷ്ടികളാൽ
ഈശ്വരവദനം ദർശിച്ചു
തിരുസക്രാരിയിൽ വാണരുളും
ദൈവകുമാരനെ വന്ദിച്ചു.

## പ്രകീർത്തനം

*("ധ്യാനസല്ലാപങ്ങ"ളിൽ നിന്ന്)*

ധ്യാനം വഴി ദൈവത്തോടു സംസാരിക്കുമ്പോൾ ആത്മാവു സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നു.

പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമാകുന്നു; സ്നേഹിതന്മാർ തമ്മിലുള്ള കൂടിക്കാഴ്ച്ചയാകുന്നു.

അവിടെ വിഷയ ദാരിദ്രം അനുഭവപ്പെടുന്നില്ല; സംസാരത്തിനുള്ള പരിശീലനവും ആവശ്യമില്ല.

ഭാഷ മനസ്സിലാകാത്ത സാഹചര്യങ്ങളിലും സ്നേഹമുള്ളവർ ആശയവിനിമയം നടത്തുന്നു.

സ്നേഹിതന്റെ സമീപത്തിരിക്കുന്നതുതന്നെ ഹൃദയത്തിനു സന്തോഷവും ആനന്ദവുമാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## സ്തുതിഗീതം

*(ബ്രീക്ക് ഹന്നാനാ...)*

"വല്ലഭനാകും ദൈവപിതാവിൻ
മുമ്പിൽ ഞാനൊരു ദാസൻ മാത്രം.

വാഴ്ത്തപ്പെട്ടവനീശോനാഥൻ
രക്തമെനിക്കായ് സദയംചിന്തി.

പാപച്ചെളിയിൽ താഴാതെന്നെ
കാത്തവനെന്നും സ്തുതിപാടീടാം.

കന്യാംബികയാം മറിയംവഴിയായ്
ദൈവസുതൻ മമ സോദരനല്ലോ.

മൃത്യു വരിക്കും പാപികളെല്ലാം
അനുതാപികളായ് തീർന്നീടട്ടെ".

ദൈവീകദർശനമാശിപ്പവനായ്
'ദർശനഭവനം' തീർത്ത പിതാവേ,

അമലോത്ഭവയാം നാഥയിലഭയം
നേടിയതാതാ പ്രാർത്ഥിക്കണമേ.

ഞങ്ങളുമുത്തമ സുതരായ് ദൈവിക
ദർശന ഭാഗ്യം നേടിടുവാനായ്.

അൽഫോൻസാമ്മയ്ക്കാശിസ്സരുളി
സൗഖ്യം നല്കിയ വത്സലതാതാ,

രോഗികളിൽ കനിവിയലുന്നതിനായ്
നാഥനൊടർത്ഥന ചെയ്തീടണമേ.

കുര്യാക്കോസിനു മകുടം നല്കിയ
ത്രിത്വത്തിൻ സ്തുതി പാടിവണങ്ങാം.

## ദൈവവചനം

ചാവറ കുര്യാക്കോസ് ഏലിയാസിന്റെ ആത്മപിതാവായിരുന്ന (1864-1871) ലെയോപ്പോൾദ് ബെക്കാറോ, ഒ.സി.ഡി., ചാവറയച്ചന്റെ മരണദിവസം എഴുതിയ ഡയറിക്കുറിപ്പിൽ നിന്ന്

ഇന്ന്, 1871 ജനുവരി മൂന്നാം തീയതി രാവിലെ 7.15-ന് ഒന്നാമത്തെ പ്രിയോരായ തിരുക്കുടുംബ ത്തിന്റെ കുര്യാക്കോസ് ഏലിയാസ് അതിധന്യമാ

യൊരു ജീവിതത്തിനുശേഷം മരണമടഞ്ഞു. മാമ്മോദീസയിൽ ലഭിച്ച പരിശുദ്ധി ഒരിക്കലും നഷ്ടമായിട്ടില്ലെന്ന് മരണത്തിനു തൊട്ടുമുൻപ് പ്രഖ്യാപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സുകൃതാഭ്യസനത്തിൽ, പ്രത്യേകിച്ച്, ഹൃദയലാളിത്യം, സജീവ വിശ്വാസം, ആർദ്രമായ അനുസരണം, ദിവ്യകാരുണ്യഭക്തി, മാതാവിനോടും വിശുദ്ധ യൗസേപ്പിതാവിനോടുമുള്ള ഭക്തി, എന്നിവയിൽ അദ്ദേഹം മുന്നിട്ടു നിന്നിരുന്നു. മലബാറിലെ ക്രൈസ്തവരുടെ നന്മയ്ക്കുവേണ്ടി കടുത്ത പ്രതിസന്ധികളിലൂടെയാണ് അദ്ദേഹം കടന്നുപോയത്, പ്രത്യേകിച്ച് റോക്കോസ് ശീശ്മയുടെ കാലത്ത്. അന്ന് സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിതനായപ്പോൾ പരിശുദ്ധ സിംഹാസനത്തോട് അനിതരസാധാരണമായ ഭക്തിയാണ് അദ്ദേഹം പ്രകടമാക്കിയത്. രാവും പകലും അദ്ദേഹം പണിപ്പെട്ടു, ശീശ്മ പടർന്നുപിടിക്കാതെ തടഞ്ഞു. നാൽപ്പതോളം പള്ളികളെ ശീശ്മയിൽ നിന്നും രക്ഷിക്കയും ചെയ്തു. ഇക്കാരണത്താലാണ്, പരിശുദ്ധപിതാവ് ഒൻപതാം പീയൂസ് പാപ്പ വലിയ സംതൃപ്തി പ്രകടിപ്പിച്ച് ചാവറയച്ചന് കത്തെഴുതിയത്. അദ്ദേഹം മലബാറിലെ കർമ്മലീത്താ മൂന്നാംസഭയുടെ സ്ഥാപകനും ആദ്യപ്രിയോരുമായിരുന്നു. പല പ്രതിസന്ധികളേയും തരണം ചെയ്ത് കന്യാസ്ത്രീകൾക്കുവേണ്ടി മഠവും അദ്ദേഹം സ്ഥാപിച്ചു. അദ്ദേഹത്തെ അഭിഗമ്യനാക്കിത്തീർത്ത സുകൃതങ്ങളും, അദ്ദേഹത്തിന്റെ വിജ്ഞാനവും,

സുറിയാനി ഭാഷാപാണ്ഡിത്യവുമെല്ലാം മലബാറിലെ സുറിയാനിക്കാരുടെ ഇടയിൽ അദ്ദേഹത്തിന് വലിയ സ്വാധീനശക്തി നേടിക്കൊടുത്തു. മലബാറിലെ വികാരി അപ്പസ്തോലിക്കമാർ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. മലബാറിലെ ജനങ്ങൾക്ക്, മറ്റു മതാനുയായികളും നെസ്തോറിയരുമുൾപ്പെടെ എല്ലാവർക്കും അദ്ദേഹത്തോട് സ്നേഹാദരവുണ്ടായിരുന്നു. അന്ത്യനാളുകളിലെ രോഗം ഏതാണ്ട് രണ്ട് വർഷക്കാലത്തോളം, ദൈവേഷ്ടത്തിനു പൂർണ വിധേയത്വത്തോടെ - അല്ല സന്തോഷപൂർവ്വം എന്നു പറയണം - അദ്ദേഹം സഹിച്ചു. ഈ ലോകവസ്തുക്കളോടുള്ള അമിതതാൽപര്യങ്ങളിൽ നിന്നെല്ലാം പ്രതിനിവർത്തിച്ചവനായിരുന്നു അദ്ദേഹം. അന്ത്യനാളുകളിൽ അത് വളരെയേറെ വ്യക്തവുമായിരുന്നു. അന്ത്യ കൂദാശകളെല്ലാം അസാധാരണ ഭക്തി ചൈതന്യത്തോടെ സ്വീകരിച്ച്, സ്വർഗ്ഗീയ സന്തോഷത്തിൽ, അദ്ദേഹത്തെ അറിയുന്നവരുടെയെല്ലാം, (പ്രത്യേകിച്ച് അദ്ദേഹത്തെ എന്നേപ്പോലെതന്നെ അടുത്തറിഞ്ഞ എന്റെയും) കണ്ണുനീരിന്റെ നടുവിൽ 65-ാമത്തെ വയസ്സിൽ അന്ത്യശ്വാസംവലിക്കയും കൂനമ്മാവിൽ വിശുദ്ധ ഫിലോമിനായുടെ ദേവാലയത്തിൽ സംസ്ക്കരിക്കപ്പെടുകയും ചെയ്തു.

ഓ, പരിശുദ്ധവും മനോഹരവുമായ ആത്മാവേ! എനിക്കുവേണ്ടി അപേക്ഷിക്കണമേ.

**മൗനപ്രാർത്ഥന**

ഇതര വായനകൾ:

മത്താ 19:16-22, ലൂക്കാ 6:27-36, യോഹ 4:19-24

## സമൂഹപ്രാർത്ഥന

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു എന്ന് ഏറ്റുപറയാം.

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** ഭാരതസഭയ്ക്കു പുതുജീവനേകാൻ രണ്ടു സന്ന്യാസസഭകൾക്ക് ആരംഭം കുറിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ഉപകരണമാക്കിയതിനെക്കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** അഗാധമായ പ്രാർത്ഥനാ ചൈതന്യവും വിശാലമായ പരസ്നേഹവും കൊണ്ട് വത്സല പിതാവിന്റെ ജീവിതം സമ്പന്നമാക്കിയതിനെക്കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** ദിവ്യകാരുണ്യ സന്നിധിയിലെത്തുമ്പോൾ സമാധിയിൽ ലയിച്ചുപോകത്തക്കവിധം ഈ പിതാവിന്റെ വിശ്വാസം സജീവമാക്കിയതിനെക്കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** തിരുക്കുടുംബത്തോടുള്ള ഭക്തിയിൽ അനുദിനം വളർന്നുവരുവാൻ ബാല്യകാലം മുതൽ തന്നെ അദ്ദേഹത്തിനു നൽകിയ പ്രത്യേക വരങ്ങളെക്കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** ശത്രുക്കളെ ആത്മാർത്ഥമായി സ്നേഹിക്കയും അയൽക്കാർക്കുവേണ്ടി സ്വയം ശൂന്യവൽക്കരിക്കയും ചെയ്ത അദ്ദേഹത്തിന്റെ പരസ്നേഹ ചൈതന്യത്തേക്കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

**ശുശ്രൂ:** തിരുസ്സഭയുടെ ശത്രുക്കളോടു ധൈര്യപൂർവ്വം പോരാടുകയും ആരാധനക്രമങ്ങൾ പുനരുദ്ധരിക്കയും ചെയ്ത അദ്ദേഹത്തിന്റെ വിശാലവീക്ഷണത്തേയും കർമ്മകുശലതയെയും കുറിച്ച്,

**സമൂ:** ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു.

## സമാപനപ്രാർത്ഥന

**കാർമ്മി:** സർവ്വശക്തനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കയും, അങ്ങയുടെ സംരക്ഷണത്തിനു ഞങ്ങളെ ഭരമേൽപ്പിക്കുകയും ചെയ്യുന്നു. ഇന്നു ഞങ്ങൾ നിഷ്ഫലമാക്കിയിട്ടുള്ള ദിവ്യപ്രേരണകളെപറ്റി ഞങ്ങൾ പശ്ചാത്തപിക്കുന്നു. കൂടുതൽ തീഷ്ണതയോടുകൂടെ അങ്ങേയ്ക്കു സേവനം ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. രാത്രികാലത്തു ഞങ്ങളെ സംരക്ഷിക്കുവാൻ അങ്ങയുടെ ദൂതന്മാരെ നിയോഗിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കാരുണ്യവാനായ ദൈവമേ, അങ്ങയുടെ പൈതൃകമായ അനുഗ്രഹം ഞങ്ങളോടുകൂടെ വസിക്കുമാറാകട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

# പ്രഭാതപ്രാർത്ഥന

## ഉദയഗീതം

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവന സന്നിധിയണയുന്നു;
കർത്താവേ, നിൻ കരുണയ്ക്കായ്
നന്ദി പറഞ്ഞു നമിക്കുന്നു.

മനുജകുലത്തിൻ പാലകനേ,
വിനയമൊടങ്ങയെ വാഴ്ത്തുന്നു;
കൃപയും ശാന്തിയനുഗ്രഹവും
പാപപ്പൊറുതിയുമരുളണമേ.

അനുതാപത്താലെൻ നയനം
നനയുന്നെങ്കിലുമനുനിമിഷം
പെരുകി വരുന്നു പാപങ്ങൾ;
കരുണക്കടലേ, കനിയണമേ.

കനിവിൻ കൈകളുയർത്തണമേ;
കദനമകറ്റി നയിക്കണമേ;
കരളിൽ കതിരു പരത്തണമേ;
വിധിയിൽ കരുണ കലർത്തണമേ.

പുതിയ ദിനത്തിൻ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു;
വിനകളിൽ വീഴാതഖിലേശാ,
കൈകൾ പിടിച്ചു നടത്തണമേ.

കണ്ണുകൾ നിന്നിലുറപ്പിച്ചെൻ
ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ;
വീഴാതെന്നെ നയിക്കണമേ;
വിജയാനുഗ്രഹമേകണമേ.

നാഥാ നിൻ സുവിശേഷത്തിൻ
പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാൽപാടിൽ
തെറ്റാതെന്നെ നയിക്കണമേ.

ദൈവപിതാവിൻ സൗഹൃദവും
സുതനുടെ കൃപയുമനുഗ്രഹവും
ദൈവത്മാവിൻ പ്രീതിയുമെൻ
വഴിയിൽ വിശുദ്ധി വിരിക്കട്ടെ.

**കാർമ്മി:** സൃഷ്ടാവായ ദൈവമേ, ഈ സുപ്രഭാതത്തിൽ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ ഞങ്ങളെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്ക് ആനയിച്ച കർത്താവേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഇന്നത്തെ ഞങ്ങളുടെ എല്ലാ പ്രവൃർത്തികളും ഞങ്ങൾ അങ്ങേയ്ക്കു കാഴ്ച്ചവയ്ക്കുന്നു. വിശ്വാസത്തോടും തീഷ്ണതയോടും കൂടെ അങ്ങേയ്ക്കുവേണ്ടി ജോലി ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. ഇന്നത്തെ ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം വിജയിപ്പിക്കണമേ. ഞങ്ങളുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും പ്രകാശം വീശി ഞങ്ങളെ നയിക്കണമേ. മിശിഹാ

യിൽ എല്ലാം നവീകരിക്കുവാനും, അങ്ങയെ മഹത്വ പ്പെടുത്തുവാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം 100

ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ;
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

ദിവ്യകീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അവിടുത്തേ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

അവിടുന്നു നമ്മുടെ സൃഷ്ടാവാകുന്നു;
നാം അവിടുത്തേ ജനങ്ങളുമാകുന്നു.

സ്തോത്രം പാടി അവിടുത്തേ വാതിലുകൾ കടക്കുവിൻ;
നന്ദിയുള്ള ഹൃദയത്തോടെ തിരുനാമം കീർത്തിക്കുവിൻ.

കർത്താവു നല്ലവനും കാരുണ്യവാനുമാകുന്നു;
അവിടുത്തേ വിശ്വസ്തത എന്നും നിലനിൽക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**കാർമ്മി:** ജീവന്റെ ഉറവിടമായ ദൈവമേ, സ്വർഗ്ഗത്തെ ലക്ഷ്യമാക്കിക്കൊണ്ട് പുതിയ ദിവസം ആരംഭിക്കുവാനും, ഞങ്ങളുടെ പ്രവൃത്തികൾ കണ്ട് മറ്റുള്ളവർ അങ്ങയെ സ്തുതിക്കത്തക്കവണ്ണം പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർ
വ്വേശ്വരാ.

**സമൂ: ആമ്മേൻ**

### സങ്കീർത്തനം 91

അത്യുന്നതന്റെ സംരക്ഷണമുള്ളവനും,
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും
ഭാഗ്യവാനാകുന്നു.

"എന്റെ ആശ്രയവും സങ്കേതവും
അങ്ങുന്നാകുന്നു"വെന്ന്
കർത്താവിനോട് പറയുക.

ദുഷ്ടന്മാരുടെ കെണിയിൽ നിന്നും
വ്യർത്ഥമായ സംഭാഷണത്തിൽ നിന്നും
അവിടുന്ന് നിന്നെ സംരക്ഷിക്കും.

തന്റെ തൂവലുകൾക്കൊണ്ട്
അവിടുന്നു നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ
അവിടുന്നു നിന്നെ കാത്തുകൊള്ളും.

രാത്രിയുടെ ഭീകരതയും
പകൽ പറക്കുന്ന അസ്ത്രവും
നീ ഭയപ്പെടേണ്ടാ.

ഇരുട്ടിൽ മുഴങ്ങുന്ന വചനവും
മദ്ധ്യാഹ്നത്തിലടിക്കുന്ന കൊടുംകാറ്റും
നീ ഒട്ടും പേടിക്കേണ്ട.

ആയിരക്കണക്കിനാളുകൾ
നിന്റെ പാർശ്വഭാഗത്ത് വീഴും.

പതിനായിരക്കണക്കിനാളുകൾ
നിന്റെ വലത്തുഭാഗത്തും.

എങ്കിലും അവരാരും
നിന്നെ സ്പർശിക്കയില്ല.

നീ അവരെയെല്ലാം കാണും;
ദുഷ്ടനു കിട്ടുന്ന പ്രതിഫലം നീ ദർശിക്കും.

നിന്റെ സങ്കേതം കർത്താവാകുന്നു;
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു യാതൊരു തിന്മയും വരികയില്ല;
ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടുന്ന് മാലാഖമാരോടു കൽപ്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയും മേൽ
നീ ചവിട്ടി നടക്കും.

സിംഹത്തെയും പെരുമ്പാമ്പിനെയും
നീ ചവിട്ടി മെതിക്കും.

എന്നോട് പ്രാർത്ഥിച്ചതുകൊണ്ട്
ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ
ഞാൻ അവനുത്തരമരുളും.

അവന്റെ സങ്കട കാലങ്ങളിലെല്ലാം
ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും.

ശക്തിയും ബഹുമാനവും
അവനു ഞാൻ നൽകും.

ദീർഘായുസു നൽകിക്കൊണ്ട്
അവനെ ഞാൻ തൃപ്തനാക്കും.

രക്ഷിക്കുവാനുള്ള എന്റെ കഴിവ്
അവനെ കാണിക്കുകയും ചെയ്യും.

**കാർമ്മി:** നിത്യപ്രകാശമായ ദൈവമേ, അങ്ങയുടെ പരിപാലനം എത്ര മഹനീയമാകുന്നു. സത്യത്തിന്റെ മാർഗ്ഗത്തിലൂടെ ഞങ്ങളെ നയിക്കണമേ. ക്ലേശങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ സന്തോഷങ്ങളെ വിശുദ്ധീകരിക്കണമേ. നിസ്വാർത്ഥമായി സേവനമനുഷ്ഠിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം 26

കർത്താവേ, എന്നോട് നീതിചെയ്യണമേ;
എന്തെന്നാൽ എന്റെ ജീവിതം നിഷ്ക്കളങ്കമാകുന്നു.

അചഞ്ചലനായി
ഞാൻ കർത്താവിൽ ശരണപ്പെട്ടു.

കർത്താവേ, അങ്ങുന്ന് എന്നെ പരീക്ഷിക്കയും
എന്റെ ഹൃദയം പരിശോധിക്കുകയും ചെയ്യുക.

അങ്ങേ സ്നേഹം എന്റെ കൺമുമ്പിലുണ്ട്;
വിശ്വാസത്തോടുകൂടെ ഞാൻ ജീവിച്ചു.

ദുഷ്ടന്മാരോടും മൂഢന്മാരോടും
ഞാൻ ഒരിക്കലും സഹവസിച്ചില്ല.

വഞ്ചകരുടെയും പാപികളുടെയും സഖിത്വം
ഞാൻ എന്നും വെറുത്തിരുന്നു.

കൈകൾ കഴുകി നിർമ്മലമാക്കിയശേഷം
ഞാൻ അങ്ങേ ബലിപീഠത്തിനു പ്രദക്ഷിണം വച്ചു.

ഞാൻ അങ്ങേ കീർത്തനം പാടുകയും
അത്ഭുതകൃത്യങ്ങൾ വിവരിക്കുകയും ചെയ്തു.

അങ്ങേ ഭവനത്തിലെ ജോലികൾ
എനിക്ക് ഏറ്റം പ്രിയങ്കരമാകുന്നു.

നിത്യമഹത്വം കുടികൊള്ളുന്ന
അങ്ങേ ഭവനത്തെ ഞാൻ സ്നേഹിക്കുന്നു.

പാപികളോടും രക്തദാഹികളോടുമൊപ്പം
അങ്ങുന്ന് എന്നെ പരിത്യജിക്കരുതേ.

അവരെല്ലാം വഞ്ചകരും
അനീതി ചെയ്യുന്നവരുമാകുന്നു.

ഞാൻ പൂർണതയുടെ വഴിയിൽക്കൂടി നടക്കുന്നു;
കാരുണ്യപൂർവ്വം എന്നെ രക്ഷിക്കണമെ.

എന്റെ പാദങ്ങൾ നീതിയിലൂടെ നീങ്ങുന്നു;
ജനസമൂഹത്തിൽ ഞാൻ അങ്ങയെ പ്രകീർത്തിക്കും.

**കാർമ്മി:** സ്നേഹത്തിന്റെ കൽപ്പനയുമായി ലോകത്തിലേയ്ക്കുവന്ന കർത്താവേ, പരസ്പരം സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ചാഞ്ചല്യമുള്ളവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും നിരാശയിൽപ്പെട്ടവർക്ക് പ്രതീക്ഷ പകർന്നു കൊടുക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥനും വിധികർത്താവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## കീർത്തനം

അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടെ; അവനീ...

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ, ദൂതന്മാരേ; അവനീ...

കർത്താവിൻ തിരു സൈനിക നിരയും
സൂര്യൻ, ചന്ദ്രൻ, താരാഗണവും; അവനീ...

കാറ്റേ, കടലേ, കാട്ടാറുകളേ
കനലേ, കരയിൽ പൊരിയും വെയിലേ; അവനീ...

കാടും മേടും മേഘാവലിയും
തോടും പുഴയും പുൽത്തോപ്പുകളും; അവനീ...

കനകം പൊഴിയും പുലരിയുമഴകിൻ
കതിരൊളിചിന്നും സായന്തനവും; അവനീ...

തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും; അവനീ...

മിന്നൽ പിണരും പർവ്വതനിരയും
പാട്ടുകൾ പാടും പറവയുമെല്ലാം; അവനീ...

തിരമാലകളെ ജലജീവികളേ
പുഞ്ചിരിതൂകും പൂഞ്ചോലകളേ; അവനീ...

മഴയും മഞ്ഞും മാമലനിരയും
മലരുകൾ തിങ്ങും മഞ്ഞണി വയലും; അവനീ...

നിത്യപിതാവിനു കീർത്തനമെന്നും
സുതനും പരിശുദ്ധാത്മാവിനും.

**കാർമ്മി:** സനാതപ്രകാശവും, മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയുമായ മിശിഹായേ. അങ്ങയുടെ ദിവ്യ സന്ദർശനത്താൽ ഞങ്ങളെ ധന്യരാക്കണമേ. ഞങ്ങളേയും ഇന്നു ഞങ്ങളുമായി ബന്ധപ്പെടുന്ന വരെയും നിത്യവെളിച്ചത്താൽ പ്രകാശിപ്പിക്കുകയും സത്യമാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥനും വിധികർത്താവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ

## പ്രഭാതഗീതം

*(അമലോത്ഭവയാം നാഥേ നിൻ...)*

പ്രസംഗവേദിയിൽ ഇവനൊരു സിംഹമായിരിക്കും.

എതിരാളികളുടെ ശരമെല്ലാം
ചതുരതയോടു തകർത്തുമുദാ;
കേരളസഭയുടെയഭിമാനം
പരിരക്ഷിച്ചൊരു ധീരാത്മൻ.

വിണ്ണിലെ മഹത്വം മണ്ണിലെ വിശുദ്ധിയാകുന്നു.

വന്ദ്യമഹാത്മൻ ദുർജയനായ്
അപകട സന്ധിയെ നേരിട്ടു;
അനുസരണത്തിലുമെളിമയിലും
മാതൃക നൽകി വിരാജിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

അജപാലകനായാത്മികമാം
സേവനമരുളിയ മഹിതാത്മാ,
സഭയിൽ പുതിയൊരു ചൈതന്യം
പാകിവിരിച്ചു വളർത്തണമേ.

## സമാപന പ്രാർത്ഥനകൾ

**കാർമ്മി:** നീതിമാനും നല്ലവനും കാരുണ്യാനിധിയുമായ കർത്താവേ, അങ്ങയുടെ നാമം പരിശുദ്ധമാകുന്നു. അങ്ങയെ വിളിച്ചപേക്ഷിക്കുന്ന ആരാധകരിൽ അങ്ങയുടെ സ്നേഹമാധുര്യം വർഷിക്കണമേ. പ്രഭാതകീർത്തനം പാടി അങ്ങയെ സ്തുതിക്കുന്ന ഞങ്ങളെ ആപത്തുകളിൽ നിന്നു രക്ഷിക്കുകയും,

നിരന്തരം പരിപാലിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, അങ്ങയുടെ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയും, അന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ദുഷ്ടസൈന്യങ്ങളിൽ നിന്നു ഞങ്ങളെ കാത്തുകൊള്ളണമേ. നിത്യരാജ്യത്തിലേയ്ക്കുള്ള യാത്രയിൽ തുണയും സങ്കേതവും നൽകി സ്നേഹപൂർവ്വം ഞങ്ങളെ നയിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, പീഢയനുഭവിക്കുന്നരെ ആശ്വസിപ്പിക്കുകയും, രോഗികൾക്കു സുഖം നൽകുകയും, ദരിദ്രരെ സംരക്ഷിക്കുകയും ചെയ്യണമേ. പാപികൾക്കു പശ്ചാത്താപവും, മരിച്ചവർക്ക് സ്വർഗ്ഗഭാഗ്യവും, നീതിമാന്മാർക്കു സന്തോഷവും പ്രദാനം ചെയ്യണമേ. ഒരിക്കൽക്കൂടി പ്രഭാതം കാണുവാൻ ഭാഗ്യം ലഭിച്ച ഞങ്ങളെ എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.